# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | YEAR OF OUR LORD JESUS CHRIST, 2024 AUGUST | No. 10


**വിശുദ്ധ വേദപുസ്തകം**

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 85:1 – 9**

01. യഹോവേ, നീ നിന്റെ ദേശത്തെ കടാക്ഷിച്ചിരിക്കുന്നു; യാക്കോബിന്റെ പ്രവാസികളെ തിരിച്ചുവരുത്തിയിരിക്കുന്നു.
02. നിന്റെ ജനത്തിന്റെ അകൃത്യം നീ മോചിച്ചു; അവരുടെ പാപം ഒക്കെയും നീ മൂടിക്കളഞ്ഞു.
03. നിന്റെ ക്രോധം മുഴുവനും നീ അടക്കിക്കളഞ്ഞു; നിന്റെ ഉഗ്രകോപം നീ വിട്ടുതിരിഞ്ഞിരിക്കുന്നു.
04. ഞങ്ങളുടെ രക്ഷയുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങളോടുള്ള നിന്റെ നീരസം മതിയാക്കേണമേ.
05. നീ എന്നും ഞങ്ങളോടു കോപിക്കുമോ? തലമുറതലമുറയോളം നിന്റെ കോപം ദീർഘിച്ചിരിക്കുമോ?
06. നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന്നു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?
07. യഹോവേ, നിന്റെ ദയ ഞങ്ങളെ കാണിക്കേണമേ; നിന്റെ രക്ഷ ഞങ്ങൾക്കു നല്കേണമേ.
08. യഹോവയായ ദൈവം അരുളിച്ചെയ്തിരിക്കുന്നതു ഞാൻ കേൾക്കും; അവർ ഭോഷത്വത്തിലേക്കു വീണ്ടും തിരിയാതിരിക്കേണ്ടതിന്നു അവൻ തന്റെ ജനത്തോടും തന്റെ ഭക്തന്മാരോടും സമാധാനം അരുളും.
09. തിരുമഹത്വം നമ്മുടെ ദേശത്തിൽ വസിക്കേണ്ടതിന്നു അവന്റെ രക്ഷ അവന്റെ ഭക്തന്മാരോടു അടുത്തിരിക്കുന്നു നിശ്ചയം.

# പ്രതിബന്ധങ്ങളെ തകർക്കുന്ന കർത്താവ്! ബാൽ പരാസിം!

## THE LORD OF BREAKTHROUGHS! BAAL PARAZIM!

(2 samuel 5:20)

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



വിളിയുടെ പ്രതിധ്വനി കുടുംബത്തിലെ എല്ലാവർക്കും ആശംസകൾ നേരുന്നു. ഈ പേജുകളിലൂടെ നിങ്ങളുമായി ബന്ധപ്പെടാൻ കഴിയുന്നതിൽ സന്തോഷമുണ്ട്. വേനൽ അവസാനിക്കുമ്പോൾ ഞങ്ങൾ പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. ഓരോ കാലഘട്ടത്തിനും അതിന്റേതായ സൗന്ദര്യമുണ്ട്. വേനലും മഴയും വളർച്ചക്ക് ആവശ്യമാണ്. **അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്യുന്നു** (സഭാപ്രസംഗി 3:11) എന്നു വചനം പഠിപ്പിക്കുന്നു. ശലോമോൻ പറഞ്ഞതുപോലെ സൂര്യനു കീഴുള്ള സകലത്തിനും ഒരു സമയവും കാലവുമുണ്ട്. ഈ വർഷം, ഇതുവരെ, നിങ്ങൾ അനുഭവിച്ച കാലത്തെക്കുറിച്ച് എനിക്ക് ഉറപ്പില്ല എങ്കിലും ഓർക്കുക, ഏറ്റവും മികച്ചതു ഇനിയും വരാനിരിക്കുന്നതേയുള്ളു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ഉൾക്കൊള്ളാൻ പഠിക്കുക എന്നതാണ് നിർണ്ണായകം. പലപ്പോഴും ദൈവത്തിന്റെ വാഗ്ദാനങ്ങളെക്കുറിച്ച് നാം ബോധവാന്മാരാണെങ്കിലും അവ സ്വന്തമാക്കാൻ നാം പാടുപെടുന്നു.

*3–ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!


**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**HON. EDITOR-IN-CHIEF**
Rev. Angeline S. Kumari, M.A., M.Sc., M.Ed.

**HON. MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

**എന്റെ പ്രാർത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽനിന്നു എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ! – സങ്കീർത്തനം 66:20**

പ്രീയപ്പെട്ട സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കും നിങ്ങളുടെ പ്രീയപ്പെട്ടവർക്കും വിളിയുടെ പ്രതിധ്വനിയുടെ ഊഷ്മളമായ ആശംസകൾ.

സത്യമായും നിങ്ങൾ ഞങ്ങൾക്ക് എത്രത്തോളം പ്രീയപ്പെട്ടവരാണെന്ന് നിങ്ങൾ അറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. 1969-ൽ വിളിയുടെ പ്രതിധ്വനി ആരംഭിച്ചതു മുതൽ നിങ്ങളുടെ മാതാപിതാക്കൾ, അപ്പൂപ്പനമ്മൂമ്മമാർ എന്നിവരുമായും നിങ്ങളോടെപ്പവും ഞങ്ങൾ ആത്മീയ യാത്ര തുടരുന്നു. ഇത്രനാളും നമ്മോടൊപ്പമുണ്ടായിരുന്ന ദൈവകൃപയെക്കുറിച്ച് ചിന്തിക്കുന്നത് സന്തോഷമുളവാക്കുന്നതാണ്.

ആഗസ്റ്റ് 10-ന് വിളിയടെ പ്രതിധ്വനിയുടെയും അതിന്റെ വൈവിദ്ധ്യമായ പ്രവർത്തനങ്ങളുടെയും 56-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ, ഇത്രയും വർഷങ്ങളിലുടനീളം നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിജയവും വിശ്വസ്തതയും ആഘോഷിക്കാൻ ഞങ്ങൾ നിങ്ങളോടൊപ്പം കൈകോർക്കുന്നു. മനുഷ്യന്റെയും ദൈവത്തിന്റെയും ദൃഷ്ടിയിൽ ഞങ്ങൾ നിസ്സാരരാണെന്നു തോന്നിയിട്ടും ഞങ്ങളോടുള്ള നിങ്ങളുടെ അചഞ്ചലമായ ദയയെ ഞങ്ങൾ അങ്ങേയറ്റം അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർത്ഥനയും സംഭാവനകളും പിന്തുണയും ലോകത്തെ അർത്ഥവത്താക്കിത്തീർത്തിരിക്കുന്നു. ദൈവം സ്വർഗ്ഗത്തിന്റെ ജാലകങ്ങൾ തുറന്ന് അവന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ നിങ്ങൾക്കും ചൊരിയട്ടെ എന്നതാണ് എന്റെ ആത്മാർത്ഥമായ പ്രാർത്ഥന.

ദൈവഹിതമായാൽ 2024 ആഗസ്റ്റ് 09 മുതൽ 11 വരെ ഞങ്ങളുടെ 56-ാം വാർഷിക സുവിശേഷയോഗങ്ങൾ വളരെ മിതമായ രീതിയിൽ നടത്തുന്നതാണ്. പരിപാടിയിൽ സായാഹ്ന സുവിശേഷയോഗങ്ങൾ, യുവജന പ്രവർത്തനങ്ങൾ, മുഖ്യസഭയിലെ കുട്ടികളുടെ പരിപാടികൾ എന്നിവ ഉണ്ടായിരിക്കും. നിങ്ങൾ ചെന്നൈ സന്ദർശിക്കുകയാണെങ്കിൽ ഈ പരിപാടിയിലേക്ക് നിങ്ങളെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

അതിരുകടന്ന ആഘോഷങ്ങൾക്കുള്ള ശേഷി ഇല്ലാത്തതിനാൽ, ഈ ദിവസങ്ങളിൽ നമുക്കു ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് നമ്മുടെ വിശ്വസ്ത യജമാനനായ യേശുക്രിസ്തുവിന്റെ മഹത്വം പ്രസംഗിക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ഞങ്ങളുടെ മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കാൻ തുടങ്ങുമ്പോൾ, ഞങ്ങൾ ഈ അടുത്ത കാലത്ത് 2024 ജൂൺ 28 മുതൽ 30 വരെ ഉത്തരേന്ത്യയിലെ ഗുജറാത്ത് സംസ്ഥാനത്തിലെ ദുംഡ, അകീർപാഡ എന്നീ രണ്ട് വിദൂര ഗ്രാമങ്ങളിലേക്ക് യാത്ര ചെയ്തു. ഇന്ത്യക്കകത്തും പുറത്തുമുള്ള കൂടുതൽ സ്ഥലങ്ങൾ സന്ദർശിക്കാൻ ഞങ്ങൾക്ക് പദ്ധതിയുണ്ട്. ഞങ്ങളുടെ പരിശ്രമങ്ങൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനകൾ വിലയേറിയതാണ്.

യേശുക്രിസ്തുവിന്റെ മഹത്വത്തിനായി ഞങ്ങൾ പോകുന്നിടത്തെല്ലാം സുവിശേഷം പ്രചരിപ്പിക്കുകയും നേതാക്കളെ വളർത്തുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ കുടുംബങ്ങളിലും ശുശ്രൂഷകളിലും വിവിധമായ പരീക്ഷണങ്ങളും പ്രലോഭനങ്ങളും നേരിടുന്നെങ്കിലും നിങ്ങളുടെ അചഞ്ചലമായ പിന്തുണയ്ക്ക് ഞങ്ങൾ നന്ദിയുള്ളവരാണ്. നിങ്ങളോടൊപ്പം കരങ്ങൾ കോർത്ത് ഞങ്ങൾ മുന്നേറുന്നു. കർത്താവ് നിങ്ങളെ പ്രേരിപ്പിക്കുന്നതുപോലെ പ്രവർത്തിപ്പിൻ. ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടും അനുഗ്രഹത്തോടുംകൂടി,

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

***പാസ്റ്റർ എസ്. സാം സെൽവരാജ്***

***പാസ്റ്റർ അലക്സ് സാംസൺ സാം***

(+91) 98412 71858/98410 71858 E-mail : sam@echoofhiscall.org

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) ☼ BIBLECOR - Postal Courses (3 languages) ☼ YouTube Ministry ☼ Online Courses ☼ Theological Correspondence Courses (2 languages) ☼ Church Planting ☼ Nehemiah Bible Colleges ☼ Gospel Printing Press ☼ Great Commission Partners ☼ St. Paul's Matriculation School ☼ Crusades ☼ Community Development

**നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!**

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

- പാസ്റ്റർ സാം സെൽവരാജ്

1-ാം പേജിന്റെ തുടർച്ച...

ദൈവീകവാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രകടമാകുന്നതിന് ആഴ്ചകളോ മാസങ്ങളോ വർഷങ്ങളോ പതിറ്റാണ്ടുകളോ വേണ്ടിവന്നേക്കാം. ശമൂവേൽ തന്നെ അഭിഷേകം ചെയ്തതുമുതൽ, യിസ്രായേലിന്റെ രാജാവായതുവരെയുള്ള തന്റെ ജീവിതത്തെക്കുറിച്ചുള്ള പ്രവചനം പൂർത്തീകരിക്കാൻ 15 മുതൽ 20 വർഷം വരെ കാത്തിരിക്കേണ്ടിവന്നു. ദൈവം തിടുക്കം കൂട്ടുകയോ കാലതാമസം വരുത്തുകയോ ചെയ്യാതെ തന്റെ കൃത്യസമയത്തിനനുസരിച്ച് പ്രവർത്തിക്കുന്നു. നിശ്ചയിച്ച സമയത്ത് അവൻ തന്റെ പദ്ധതികൾ എങ്ങനെ ആവിഷ്കരിക്കുന്നു എന്ന് അറിയണമെങ്കിൽ നാം ക്ഷമയോടെ കാത്തിരിക്കണം. ദാവീദിന് അത് മനസ്സിലായതിനാലാണ് "കർത്താവിനായി കാത്തിരിക്കുക" എന്ന് സങ്കീർത്തനങ്ങളിലൂടെ സ്വയം ഓർമ്മിപ്പിക്കുന്നത്, കൂടാതെ തന്റെ പല സങ്കീർത്തനങ്ങളിലും ഇത് ആവർത്തിക്കുന്നുമുണ്ട്. ദൈവത്തിന്റെ ഗുണവിശേഷങ്ങളെക്കുറിച്ചുള്ള ദാവീദിന്റെ വേദപുസ്തകത്തിലെ വിവരണങ്ങൾക്ക് സമാനതകളില്ല: പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന ദൈവം, നമ്മുടെ കണ്ണുനീർ ശേഖരിക്കുന്ന ദൈവം, ഇടയൻ, അഭയം, പാർപ്പിടം, വഴികാട്ടി, സുഹൃത്ത്, മാതാവ്, പിതാവ്, ഭർത്താവ്, കൂട്ടുകാരൻ, പാറ, തണൽ, നിഴൽ, ഇടയൻ, എന്നിവയാണ്. ദൈവത്തിനു നൽകിയിരിക്കുന്ന വിശേഷണങ്ങൾ ദാവീദിന്റെ ജീവിതാനുഭവങ്ങളുടെ പ്രതിഫലനമാണ്. എന്റെ മനസ്സിൽ കടന്നുവരുന്ന പേര് "വഴിത്തിരിവുകളുടെ ദൈവം" എന്ന് അർത്ഥം വരുന്ന 2 ശമൂവേൽ 5:20ലെ "ബാൽ പരാസിം" ആണ്. വെള്ളം പൊട്ടിപ്പുറപ്പെട്ട് പാതയിലെ തടസ്സം തകർക്കുന്നതുപോലെ ദൈവം തടസ്സങ്ങൾ തകർത്തു മാറ്റുകയും വഴിത്തിരിവുകൾ കൊണ്ടു വരികയും ചെയ്യും. ഇത് ശക്തമായ ഒരു പേരാണ്.

വ്യക്തികൾ, ബിസിനസ്സ്, വീട് എന്നിവയ്ക്ക് കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ പേരിടുന്നത് അർത്ഥവും ശക്തിയും വഹിക്കുന്നതാണ്. പേരിന് പ്രത്യേകം അഭിഷേകം ഉള്ളതിനാൽ ഇടുന്നതിനുമുമ്പ് ദൈവഹിതം അറിയുന്നത് നല്ലതാണ്. ബൈബിളിലെ പേരുകൾക്ക് അഗാധമായ പ്രാധാന്യമുണ്ട്.

## രെഫയീം താഴ്വര!

ബാൽ പെരാസിം എന്ന പേരിന്റെ പശ്ചാത്തലം ഞാൻ നൽകട്ടെ.

2 ശമൂവേൽ 5-ാം അദ്ധ്യായത്തിൽ ദാവീദിനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തത് അദ്ദേഹത്തിന്റെ ജീവിതത്തിലെ നിർണ്ണായക ഘട്ടത്തിലായിരുന്നു. ദൈവത്തിന്റെ നന്മ ആസ്വദിക്കുകയും ജീവവൃക്ഷത്തിനു സമാനമായ പൂർത്തീകരണം അനുഭവിക്കുകയും ചെയ്തിട്ടും (സദൃശ്യവാക്യങ്ങൾ 13:12) ദാവീദ് ഉടനടി വെല്ലുവിളികൾ നേരിട്ടു. ഒരു നുണയനായും അലറുന്ന സിംഹവുമായി ചിത്രീകരിക്കപ്പെടുന്ന പിശാച്, ദാവീദിനു നൽകപ്പെട്ട അനുഗ്രഹങ്ങളെ ദുർബലപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ അവന്റെ സമാധാനത്തെയും സന്തോഷത്തെയും തടസ്സപ്പെടുത്താൻ ശ്രമിച്ചു.

ദാവീദിന്റെ അഭിഷേകത്തിന്റെ വിവരം അറിഞ്ഞപ്പോൾ ഫെലിസ്ത്യർ, രാക്ഷസന്മാർ വിഹരിച്ചിരുന്ന ഒരു യുദ്ധഭൂമിയെ പ്രതീകപ്പെടുത്തിക്കൊണ്ട്, രെഫായീം താഴ്വരയിൽ നിലയുറപ്പിച്ചു.

## (1) ദൈവത്തിന്റെ പദ്ധതിയുടെ മദ്ധ്യേ ആയിരിക്കുന്നത് സാത്താന്റെ ശ്രദ്ധ ക്ഷണിച്ചു വരുത്തും!

ശത്രുസൈന്യത്തിന്റെ ഈ തന്ത്രപരമായ നീക്കം, ദൈവഹിതവുമായി ചേർന്നു നിൽക്കുമ്പോൾ നേരിടേണ്ടിവരുന്ന എതിർപ്പിനെ വ്യക്തമാക്കുന്നു. വരാനിരിക്കുന്ന ഭീഷണി തിരിച്ചറിഞ്ഞ ദാവീദ്, യുദ്ധത്തിൽ ഏർപ്പെടുന്നതിനുമുമ്പ് ദൈവീക മാർഗ്ഗനിർദ്ദേശം തേടുകയും ദൈവത്തിന്റെ പദ്ധതിയിൽ ആശ്രയിക്കുകയും ചെയ്തു.

സൈന്യത്താൽ ചുറ്റപ്പെട്ട് കുടുങ്ങിപ്പോയതായി അനുഭവപ്പെട്ടിട്ടും സൈന്യങ്ങളുടെ കർത്താവായ ദൈവം സർവ്വവ്യാപിയാണെന്ന് ഓർക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു. ശത്രുക്കളുടെ ശക്തികേന്ദ്രമായി കണക്കാക്കപ്പെട്ടിരുന്ന രെഫയീം താഴ്വരയെ ദൈവം എതിർപ്പുകളുടെ വെള്ളത്തിന്റെ കുത്തൊഴുക്കു പോലെ ശത്രുക്കളെ തകർത്ത് ദൈവീക ഇടപെടലിന്റെ സ്ഥലമായി മാറി. പ്രകടമായ തോൽവികളെ ഉജ്ജ്വലമായ വിജയങ്ങളാക്കി മാറ്റാൻ കഴിവുള്ള മുന്നേറ്റങ്ങളുടെ ദൈവത്തിന്റെ ബാൽ പരാസിം എന്ന പങ്കിനെ ഈ വിജയം അടിവരയിടുന്നു.

പ്രീയ സുഹൃത്തുക്കളേ, നിങ്ങൾ എവിടെയായിരുന്നാലും, ഏതു സാഹചര്യത്തിലായിരുന്നാലും, നല്ല ഉത്സാഹത്തോടെയും ധീരമായും ശക്തമായും ഇരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, കാരണം, ഞങ്ങൾ മുന്നേറ്റങ്ങളുടെ ദൈവത്തെ സേവിക്കുന്നു! അവൻ നമുക്കു മുമ്പെ പോയി നമ്മുടെ ശത്രുക്കളെ പരാജയപ്പെടുത്തുമെന്ന് അവൻ നമുക്ക് ഉറപ്പു നൽകുന്നു. ഫെലിസ്ത്യരുടെ മേൽ ദൈവം നൽകിയ വിജയം ശ്രദ്ധേയമായിരുന്നു, എല്ലാ തടസ്സങ്ങളെയും മറികടക്കുന്ന ശക്തമായ വെള്ളച്ചാട്ടത്തിനു സമാനമായിരുന്നു അത്. അതുകൊണ്ടാണ് ഈ വിജയത്തിന്റെ സ്ഥലത്തിന് ദാവീദ് വഴിത്തിരിവുകളുടെ സ്ഥലം എന്നു പേരിട്ടത്.

പ്രീയ സുഹൃത്തുക്കളേ, ഓർക്കുക, ഇത് നിങ്ങളുടെ മുന്നേറ്റങ്ങളുടെ സ്ഥലമാണ്! പ്രാർത്ഥിക്കുക, അത് അവകാശപ്പെടുക, അത് ഏറ്റുപറയുക, ആത്മവിശ്വാസത്തോടെ പ്രഖ്യാപിക്കുക, ഇത് എന്റെ മുന്നേറ്റങ്ങളുടെ കാലമാണ്. "എനിക്കും എന്റെ കുടുംബത്തിനും എന്റെ വിവാഹത്തിനും എന്റെ ബിസിനസിനും എന്റെ കുട്ടികൾക്കും എന്റെ ശുശ്രൂഷയ്ക്കും എതിരായ എല്ലാ ആയുധങ്ങളും നശിപ്പിക്കും - അവനാണ് ബാൽ പെരാസിം എന്ന് അചഞ്ചലമായ വിശ്വാസത്തോടെ ഉറക്കെ പറയാം. ഏഴു ദിവസം യെരിഹോ മതിലിനു ചുറ്റും മാർച്ച് ചെയ്യാൻ യിസ്രായേല്യരോടു പറഞ്ഞത് യുക്തിരഹിതമാണെന്നു തോന്നിയതുപോലെ ഇപ്പോഴത്തെ സാഹചര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കരുത്. ദൈവത്തിനു തന്റെ ജനത്തെ വിടുവിക്കാൻ തന്റെ കയ്യിലുള്ള വടി മതിയാകുമോ എന്ന് മോശെ സംശയിച്ചതുപോലെ നാം നമ്മുടെ സ്വന്തം ധാരണയിൽ ആശ്രയിക്കരുത്. ബാൽ പെരാസിം എന്ന നിലയിൽ ദൈവം നമ്മുടെ ശത്രുക്കളെ കീഴടക്കാൻ മുന്നോട്ടു പോകുന്നു എന്നു വിശ്വസിച്ച് വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാര്യങ്ങൾ നോക്കുക, ആമേൻ!

## (2) ആക്രമിക്കപ്പെടുമ്പോൾ ദൈവത്തിന്റെ സന്നിധിയിലേക്ക് കടന്നു ചെല്ലുക!

പതിയിരുന്നുള്ളആക്രമണങ്ങളെ നേരിടുമ്പോൾ, പാപത്തിലോ സ്തംഭനത്തിലോ കുടുങ്ങുമ്പോൾ, പുരോഗതി അസാദ്ധ്യമെന്ന് തോന്നുമ്പോൾ, ഒരു വഴിത്തിരിവിനായി നാം ദൈവത്തിന്റെ സാന്നിദ്ധ്യം തേടണം. താൻ ശത്രുക്കളാൽ ചുറ്റപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലായപ്പോൾ ദാവീദ് മാർഗ്ഗനിർദ്ദേശത്തിനായി കർത്താവിങ്കലേക്ക് തിരിഞ്ഞു. നമ്മുടെ പ്രശ്നങ്ങൾ കർത്താവിന്റെ സന്നിധിയിലേക്കാണോ നാം ആദ്യം കൊണ്ടുവരുന്നത്? നിങ്ങളുടെ പ്രവർത്തനങ്ങൾ താല്ക്കാലികമായി നിർത്തി ദൈവത്തിന്റെ കോട്ടയിലേക്ക് മടങ്ങച്ചെല്ലുക, ഉത്സാഹത്തോടെ പ്രാർത്ഥിക്കുക. താഴ്മയോടെ അവന്റെ സാന്നിദ്ധ്യത്തെ സമീപിക്കുക, ചോദിക്കുകയും അന്വേഷിക്കുകയും അവന്റെ വാതിലുകളിൽ മുട്ടുകയും ചെയ്യുക. കർത്താവിന്റെ നാമം ബലമുള്ള ഗോപുരം, നീതിമാന്മാർ അതിൽ സുരക്ഷിതത്വം കണ്ടെത്തുന്നു.

താൻ ചുറ്റപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിയ ദാവീദ് ദൈവീക ഇടപെടലിനായി ദൈവസന്നിധിയിൽ മുട്ടുകുത്തുന്നു. ദൈവം ഉത്തരം നൽകിയതായി 2 ശമൂവേൽ 5:19 ൽ കാണുന്നു. നമ്മുടെ പ്രാർത്ഥന കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്ന ദൈവത്തെ നാം ആരാധിക്കുന്നു, പക്ഷെ, നമ്മുടെ സമീപനം ആത്മാർത്ഥമായിരിക്കണം. നമ്മുടെ ശ്രദ്ധ പതറിപ്പോകാതെ, ശ്രദ്ധ കേന്ദ്രീകരിച്ച് ദൈവത്തിന്റെ പ്രതികരണം വ്യക്തമാകുന്നതുവരെ, പതറാതെ, അവന്റെ മാർഗ്ഗനിർദ്ദേശം തേടിക്കൊണ്ട് നാം ആയിരിക്കുകയാണെങ്കിൽ ഒരു വഴിത്തിരിവ് പ്രതീക്ഷിക്കാം. സാഹചര്യത്തിന്റെ ഗൗരവം കൂടുന്നതനുസരിച്ച് നമ്മുടെ പ്രാർത്ഥനകൾ കൂടുതൽ തീഷ്ണമായിരിക്കണം. വിശ്വാസികളുടെ സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതും നിർണ്ണായകമാണ്.

## (3) രെഫയീം താഴ്വരയിൽനിന്ന് ബാൽ പരാസീമിലേക്ക് മാറുന്നു - ഒരു പരിവർത്തനപരമായ മാറ്റം!

ഫെലിസ്ത്യർ രെഫായീം താഴ്വരയിൽ ഒളിച്ചിരുന്ന് ദോഷം ചെയ്യാൻ പദ്ധതി ഇടുകയും ദാവീദിനെ പരാജയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. രഫായീം താഴ്വര പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്, ഒരാളുടെ ജീവിതത്തെയും കുഞ്ഞുങ്ങളെയും ദൈവീക വിളിയെയും ദൈവീക പദ്ധതിയെയും തടസ്സപ്പെടുത്താനും, ഭംഗം വരുത്താനും, ഉപദ്രവിക്കാനും, തടസ്സപ്പെടുത്താനും സാത്താൻ നിലകൊള്ളുന്ന സ്ഥലം എന്നാണ്. പരാജയത്തിന്റെയും തോൽവിയുടെയും നിരാശയുടെയും ഈ താഴ്വരയിൽ ചിലർ അകപ്പെട്ടുപോകുമെങ്കിലും, അത് അവരുടെ എതിരാളികൾ ഭയന്ന് പലായനം ചെയ്യുന്ന സ്ഥലവുമാണ്. അലറുന്ന സിംഹങ്ങൾക്കു സമാനമായ ശത്രുക്കളുടെ ഭയപ്പെടുത്തുന്ന സാന്നിദ്ധ്യം ഉണ്ടായിരുന്നിട്ടും ദൈവം ശ്രദ്ധേയമായ വിജയം ആസൂത്രണം ചെയ്യുന്ന മേഖലയുമാണ് ഇത്.

## ബാൽ പരാസിം!

ഫെലിസ്ത്യ ദേവന്റെ പേരിൽ ദാവീദ് നാമകരണം ചെയ്ത സ്ഥലമാണ് ബാൽ പരാസിം. ദൈവത്തിന്റെ ഇടപെടലിലൂടെ ശത്രുവിന്റെ പ്രത്യക്ഷമായ ശക്തിയെ തകർക്കുന്ന ഒരു പ്രധാന സ്ഥലത്തെയാണ് ബാൽ സൂചിപ്പിക്കുന്നത്. ശത്രുക്കളുടെ ശക്തികേന്ദ്രങ്ങളിൽ നിലനിൽക്കുന്ന ദൈവത്തിന്റെ ശക്തിയുടെ തെളിവാണ് അത്. ഇന്ന്, ശത്രുവിന് സ്വാധീനമുണ്ടെന്നു നാം കരുതുന്ന മേഖലകളിൽ കൃത്യമായി മുന്നേറ്റം നൽകാൻ കർത്താവ് ആഗ്രഹിക്കുന്നു. ദാവീദ് ഉദാഹരണമായി പറഞ്ഞതുപോലെ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ അദൃശ്യമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നമ്മുടെ പരിമിതമായ ധാരണ മൂലം, നമ്മുടെ ജീവിതത്തിനായുള്ള ദൈവത്തിന്റെ പദ്ധതികളുടെ പദ്ധതികളുടെ പൂർണ്ണമായ വ്യാപ്തി മനസ്സിലാക്കുന്നതിൽ നാം പലപ്പോഴും പരാജയപ്പെടുന്നു. കർത്താവിന്റെ വിശ്വസ്തതയിൽ ആശ്രയിക്കുന്നത് ജീവിതത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ യുദ്ധക്കളങ്ങളിൽപോലും വിജയകരമായ ഫലങ്ങളിലേക്ക് നയിക്കുന്നു.

ദൈവത്തിന്റെ ദൂതസൈന്യങ്ങൾ യിസ്രായേൽ സൈന്യത്തെ നയിച്ചപ്പോൾ പോലും നിങ്ങൾ ദീർഘകാലമായി കാത്തിരുന്ന മഹത്തായ വിജയം കൈവരിക്കാൻ അവൻ നിങ്ങളുടെ ജീവിതത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ നിശബ്ദമായി സംഭവങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ, അവന്റെ അഭാവം നാം തെറ്റായി മനസ്സിലാക്കുകയും അവൻ നമ്മെ ഉപേക്ഷിക്കപ്പെട്ടതായി നമുക്ക് തോന്നിയേക്കാം.

കർത്താവിൽ പ്രീയ സഹോദരീ സഹോദരന്മാരേ, ഇത് എന്റെ വഴിത്തിരിവിന്റെ നിമിഷമാണ് എന്ന് ധൈരത്തോടെ പ്രഖ്യാപിക്കുവിൻ. ഇന്ന് എന്റെ വിജയത്തിന്റെ തുടക്കമാണ്. ദൈവം രഫായീം താഴ്വരയെ ദാവീദിനു

*06-ാം പേജിൽ തുടരും...*


**റസിഡൻഷ്യൽ ബൈബിൾ കോഴ്സ്**
**നെഹെമ്യ ബൈബിൾ കോളേജ്, ചെന്നൈ**

ECHO OF HIS CALL 1969-2019 GOLDEN JUBILEE REACHING NATIONS

**ഭാഷ : ഹിന്ദി**

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

***ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്***
***വേദശാസ്ത്രത്തിൽ ഡിപ്ലോമ***

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### *സ്തോത്രത്തിനായുള്ള വിഷയങ്ങൾ*

**ആഗസ്റ്റ് 19** ⇨ നെഹെമ്യ ബൈബിൾ കോളേജിലെ അദ്ധ്യയനവിഭാഗത്തെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 20** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യപങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**ആഗസ്റ്റ് 21** ⇨ അർപ്പണബോധമുള്ള അസ്സോസിയേറ്റ് എഡിറ്റർമാരാൽ **വിളിയുടെ പ്രതിധ്വനി** മാസികയെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 22** ⇨ ഏകമനസ്സോടെ തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റുന്ന അർപ്പണബോധമുള്ള ജീവനക്കാരാൽ ഞങ്ങളെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 23** ⇨ അച്ചടിക്കായുള്ള എല്ലാ ബാഹ്യ സഹായങ്ങൾക്കായും ദൈവത്തിനു നന്ദി കരേറ്റുന്നു.

**ആഗസ്റ്റ് 24** ⇨ ധാർമ്മികമായും സാമ്പത്തികമായും ഞങ്ങളെ സഹായിക്കുന്ന പങ്കാളികൾക്കായി.

**ആഗസ്റ്റ് 25** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പ്രിൻസിപ്പാൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 26** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, കറസ്പോണ്ടൻസ് കോഴ്സ്** എന്നിവ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 27** ⇨ മിഷൻ പ്രവർത്തകരിൽ നിന്നുള്ള മഹത്തായ പ്രതിബദ്ധതക്കായി.

**ആഗസ്റ്റ് 28** ⇨ 2024 ആഗസ്റ്റ് 10-ാം തീയതി നടന്ന 56-ാമതു വാർഷികാഘോഷങ്ങളെ അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 29** ⇨ ഞങ്ങളുടെ സീനിയർ പാസ്റ്ററോടും കുടുംബാംഗങ്ങളോടുമുള്ള ദൈവീക കരുതലിനായി.

**ആഗസ്റ്റ് 30** ⇨ റവ. എസ്. സാം സെൽവരാജിന്റെയും സംഘാംഗങ്ങളുടെയും ഗുജറാത്തിലെ സൂററ്റ് എന്ന സ്ഥലത്തിലുള്ള മിഷണറി സന്ദർശനത്തിനായി.

**ആഗസ്റ്റ് 31** ⇨ കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ നിറവേറ്റിത്തന്നതിനായി.

**സെപ്റ്റംബർ 01** ⇨ കൂടുതൽ പുതിയ വിശ്വാസികളുമായി മുഖ്യസഭയെ അനുഗ്രഹിച്ചതിനായി.

**സെപ്റ്റംബർ 02** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പുതിയ അഡ്മിഷനുവേണ്ടി.

**സെപ്റ്റംബർ 03** ⇨ ഞങ്ങളുടെ എല്ലാ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിക്കുന്നതിനായി.

### *പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ*

**സെപ്റ്റംബർ 04** ⇨ പാസ്റ്റർ സാം സെൽവരാജിന്റെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് പുതിയ ദർശനങ്ങൾക്കായി.

**സെപ്റ്റംബർ 05** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** മുഖ്യസഭയിലെയും ശാഖാസഭകളിലെയും വിശ്വാസികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി.

**സെപ്റ്റംബർ 06** ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും സഭകളുടെയും അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി.

**സെപ്റ്റംബർ 07** ⇨ ഞങ്ങളുടെ ശുശ്രൂഷകളുടെ വിപുലീകരണത്തിനും ലോക സുവിശേഷീകരണത്തിനും.

**സെപ്റ്റംബർ 08** ⇨ ക്രിസ്തീയ പ്രാസംഗികർ മായം ചേർക്കാതെ സുവിശേഷം പ്രചരിപ്പിക്കുവാൻ.

**സെപ്റ്റംബർ 09** ⇨ എല്ലാ രാജ്യങ്ങളുടെയും ഐക്യത്തിനും സമാധാനത്തിനുമായി.

**സെപ്റ്റംബർ 10** ⇨ അച്ചടിശാലയിലെ പ്രിന്റർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കുമായി.

**സെപ്റ്റംബർ 11** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുന്നതിനായി.

**സെപ്റ്റംബർ 12** ⇨ നമ്മുടെ ശുശ്രൂഷാപ്രവർത്തനങ്ങൾക്കും അതിന്റെ വിപുലീകരണത്തിനും.

**സെപ്റ്റംബർ 13** ⇨ ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ ചെല്ലുവാൻ സഹായിച്ചതിനായി.

**സെപ്റ്റംബർ 14** ⇨ ലോകമെമ്പാടുമുള്ള എല്ലാ സ്ത്രീകളും കുട്ടികളുടെയും സുരക്ഷക്കായി.

**സെപ്റ്റംബർ 15** ⇨ മദ്യപാനികളും ദുഷ്പ്രവൃത്തിക്കാരുമായ എല്ലാവരെയും കർത്താവ് സന്ദർശിക്കുവാൻ.

**സെപ്റ്റംബർ 16** ⇨ **നെഹെമ്യ ബൈബിൾ കോളേജിൽ** കൂടുതൽ വിദ്യാർത്ഥികൾ ചേരുവാനായി.

**സെപ്റ്റംബർ 17** ⇨ സംസ്ഥാന കോഡിനേറ്റർമാർക്കും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി.

**സെപ്റ്റംബർ 18** ⇨ ഈ മാസത്തെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തരുവാൻ.

... 4-ാം പേജിന്റെ തുടർച്ച

വേണ്ടി ബാൽ പെരാസിം ആക്കി മാറ്റിയതു പോലെ, ഇന്നു നമ്മുടെ ജീവിതത്തിലും ദൈവം അങ്ങനെ ചെയ്യുവാൻ തയ്യാറാണ്.

2 ശമൂവേൽ 5:21 ൽ ദാവീദിന്റെ സൈന്യം എല്ലാം കത്തിച്ചു നശിപ്പിച്ചതുപോലെ ഫെലിസ്ത്യർ തങ്ങളുടെ അവകാശം ഉപേക്ഷിച്ച് ഓടിപ്പോകുന്നതിന് നാം സാക്ഷ്യം വഹിക്കുന്നു.

നിങ്ങളുടെ പോരാട്ടങ്ങളുടെ താഴ്‌വരകളെ സമൃദ്ധമായ അനുഗ്രഹസ്ഥാനങ്ങളാക്കി മാറ്റുകയും ശത്രു അവശേഷിപ്പിച്ചതെല്ലാം ഉന്മൂലനം ചെയ്‌വാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്തുകൊണ്ട് കർത്താവ് നിങ്ങളുടെ മുമ്പിൽ നടക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ശത്രുവിന്റെ നിരന്തരമായ ആക്രമണത്തിനു നിങ്ങൾ വിധേയരാകുമ്പോൾ ധൈര്യപ്പെടുവിൻ, കാരണം, നിങ്ങൾ ശരിയായ സ്ഥലത്താണ് ദൈവം നിങ്ങളുടെ ജീവിതത്തിൽ അത്ഭുതകരമായ പ്രവൃത്തികൾ ചെയ്യുന്നു എന്ന് ഓർക്കുക.

നമ്മുടെ എതിരാളികൾ പിൻവാങ്ങുന്നു, ദൈവത്തിന്റെ ഇടപെടൽ അവരെ തകർക്കുന്നു. ദാവീദിന്റെ പടയാളികൾ അവരെ എതിർത്തവരെയെല്ലാം കത്തിച്ചു, അവരുടെ ഉണർവ്വിന്റെ ചാരമല്ലാതെ മറ്റൊന്നും അവശേഷിപ്പിച്ചില്ല.

# കർത്താവ് നല്ലവരോടുകൂടെ ഇരിക്കും! (2 ദിനവൃത്താന്തം 19:11)

## പാസ്റ്റർ സാം സെൽവരാജ് സഭയിൽ നൽകിയ സന്ദേശം

വിശ്വസ്ത ജീവിതം നയിക്കുന്നതിനുള്ള പ്രതിഫലം പലപ്പോഴും ബാഹ്യമായി കാണാറില്ല. നുണകളിലും അഹങ്കാരത്തിലും ജീവിക്കുന്നവർ വളരെയധികം അഭിവൃദ്ധി പ്രാപിക്കുന്നതു നാം കണ്ടേക്കാം. ഇത് നമ്മെ ഇങ്ങനെ ചിന്തിപ്പിച്ചേക്കാം : "വിശ്വസ്തമായി ജീവിക്കുന്നതുകൊണ്ട് എന്തു പ്രയോജനം?" എന്നാൽ ദിവസങ്ങൾ കടന്നുപോകുമ്പോൾ വിശ്വസ്തരായവർക്ക് സമൃദ്ധമായ നന്മകൾ ലഭ്യമാകുന്നു. **വിശ്വസ്തപുരുഷൻ അനുഗ്രഹസമ്പൂർണ്ണൻ** (സദൃശ്യവാക്യങ്ങൾ 28:20).

1. ദൈവം ഉടൻ തന്നെ അവരുടെ പ്രാർത്ഥനകൾ കേൾക്കും.
2. അവരുടെ അപേക്ഷകൾ ദൈവം അംഗീകരിക്കും.
3. അവർ അപകടത്തിലായിരിക്കുമ്പോൾ അവരെ സഹായിക്കാൻ കർത്താവിന്റെ ദൂതൻ എപ്പോഴും തയ്യാറായിരിക്കും.

ഹിസ്കിയാ രാജാവ് ദൈവമുമ്പാകെ വിശ്വസ്തനായിരുന്നു. **അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയിൽ ആശ്രയിച്ചു; അവന്നു മുമ്പും പിമ്പും ഉണ്ടായിരുന്ന സകല യെഹൂദാരാജാക്കന്മാരിലും ആരും അവനോടു തുല്യനായിരുന്നില്ല. അവൻ യഹോവയോടു ചേർന്നിരുന്നു അവനെ വിട്ടുപിന്മാറാതെ യഹോവ മോശെയോടു കല്പിച്ച അവന്റെ കല്പനകളെ പ്രമാണിച്ചു നടന്നു. യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു; അവൻ ചെന്നേടത്തൊക്കെയും കൃതാർത്ഥനായ് വന്നു...** (2 രാജാക്കന്മാർ 18:5-7).

ഇതേ രാജാവു തന്നെ കഠിനമായ രോഗബാധിതനായതായി 2 രാജാക്കന്മാർ 20-ാം അദ്ധ്യായത്തിൽ കാണുന്നു. അവൻ ചുമരിനുനേരെ മുഖം തിരിച്ചു ദൈവത്തോട് ഇങ്ങനെ പ്രാർത്ഥിച്ചു പറഞ്ഞു: **അയ്യോ യഹോവേ, ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടുംകൂടെ തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്ന് ഓർക്കേണമേ..** (2 രാജാക്കന്മാർ 20:3).

മുമ്പ് ഞങ്ങളുടെ ഈ മാസിക ഒരു ക്രിസ്തീയ പ്രസ്സിൽ അച്ചടിക്കുമായിരുന്നു. ഒരിക്കൽ ആ പ്രസ്സിന്റെ സൂപ്പർവൈസർ എന്നോടു ഇങ്ങനെ പറഞ്ഞു: "ലൗകീക മനുഷ്യർക്കുവേണ്ടി അച്ചടി ജോലികൾ ഏറ്റെടുക്കുമ്പോൾ അതിന്റെ പണം ലഭിക്കുമെന്ന് ഉറപ്പുണ്ട്. പക്ഷെ, ദൈവദാസന്മാർക്കുവേണ്ടി ജോലി ചെയ്യുമ്പോൾ അവരിൽനിന്നും പണം ലഭിക്കാൻ വലിയ ബുദ്ധിമുട്ടാണ്. കൈയ്യിൽ പണമുണ്ടെങ്കിലും അവർക്കു തരാൻ മനസ്സില്ല. അവർ എങ്ങനെയാണ് ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നത് എന്നു ഞാൻ അത്ഭുതപ്പെട്ടുപോകുന്നു."

ബൈബിളിൽ "വിശ്വസ്തരായ" ആളുകളെയും "നേരുള്ള" ആളുകളെയും കാണാം. വിശ്വസ്തൻ ആയിരിക്കുന്നതും നല്ലവൻ ആയിരിക്കുന്നതും തമ്മിൽ അടുത്ത ബന്ധമുണ്ട്. 2 ദിനവൃത്താന്തം 19:11ൽ നാം ഇങ്ങനെ വായിക്കുന്നു : **യഹോവ നല്ലവരോടുകൂടെ ഇരിക്കും.** സങ്കീർത്തനം 15:1,2ൽ **നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും? നിഷ്ക**

8-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക്, സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

അതിവേഗം അഡ്മിഷൻ നേടുവിൻ!

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

*ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്*
*വേദശാസ്ത്രത്തിൽ ഡിപ്ലോമ*

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ - 600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✷ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✷

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

**എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും... ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും - യെശയ്യാവ് 40:31**

1972-ൽ എന്റെ ആദ്യകാലങ്ങളിൽ ചെന്നൈയിലെ സെയ്ദാപെട്ട് എന്ന സ്ഥലത്ത് ഒരു സുവിശേഷ യോഗം നടത്താൻ കർത്താവിന്റെ ആത്മാവ് എന്നെ പ്രേരിപ്പിച്ചു. ഈ യോഗത്തിൽ ആളുകളെ ക്ഷണിച്ചുകൊണ്ട് പോസ്റ്ററുകൾ നോട്ടീസുകൾ തുടങ്ങിയവയിലൂടെ വേണ്ടത്ര പരസ്യം ഞങ്ങൾ നൽകിയിരുന്നു. എന്റെ സഹപ്രവർത്തകരുടെ സഹായത്തോടെ വേണ്ടത്ര ജനങ്ങളെ കൂട്ടുവാനായി ഞാൻ കഴിയുന്നത്ര ശ്രമിച്ചു.

ഈ പരിപാടിക്കുവേണ്ടി മാത്രം ധാരാളം പ്രാർത്ഥനകൾ അർപ്പിക്കപ്പെട്ടു. എന്റെ ചില സുഹൃത്തുക്കൾ സംഗീതോപകരണങ്ങളും പ്രത്യേക പാട്ടു ഷീറ്റുകളും കൊണ്ടുവന്നു. യോഗം ആരംഭിക്കുന്ന സമയത്ത് അവിടെ ആരും വരുന്നതായി കണ്ടില്ല. ഞങ്ങൾ വളരെയധികം സമയം കാത്തിരുന്നു. അവസാനം രണ്ടു സഹോദരന്മാർ യോഗത്തിൽ പങ്കെടുക്കാൻ കടന്നുവന്നു. ഈ യോഗത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത സഹോദരന്മാർക്ക് വളരെയധികം പ്രയാസം തോന്നി. എന്തുകൊണ്ടാണ് ദൈവം തങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനകൾക്ക് ഉത്തരം നൽകാത്തതെന്നും തങ്ങളുടെ കഠിനാദ്ധ്വാനത്തെ മാനിക്കാത്തതെന്നും അവർ എന്നോടു ചോദിച്ചു. ദൈവത്തിന് തന്റെ സ്വന്തം രീതിയിൽ മാത്രമേ ഉത്തരം നൽകുകയുള്ളു എന്ന് ഞാൻ അവരോടു പറഞ്ഞു. ശരിക്കും ഞാൻ പ്രതീക്ഷ കൈവിട്ടില്ല. **എന്റെ ദൈവമായ കർത്താവിൽ ഞാൻ എന്നെത്തന്നെ ശക്തിപ്പെടുത്തി** (1ശമൂവേൽ 30:6).

എന്നിരുന്നാലും, ഞങ്ങൾ ആരാധന നടത്തി, ഞാൻ ശക്തമായ ദൂത് നൽകുകയും ചെയ്തു. പങ്കെടുത്ത രണ്ടു പേരിൽ ഒരാൾ കർത്താവിനായി സ്വയം സമർപ്പിക്കുകയും എന്നോട് ചേർന്ന് കർത്താവിനായി പ്രവർത്തിക്കുകയും ചെയ്തു.

ഇപ്പോൾ ഇന്ത്യയിലും ഇന്ത്യക്കു പുറത്തും ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന യോഗങ്ങളിൽ പ്രസംഗിക്കുവാൻ അവസരം തന്ന് ദൈവം എന്നെ ഉയർത്തി. ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ. ഇതിനായി വളരെ ക്ഷമയോടും വിശ്വാസത്തോടുംകൂടെ എനിക്ക് വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നു.

പ്രിയ സഹോദരീ സഹോദരന്മാരേ, നിങ്ങൾ പരാജയത്തിന്റെ വഞ്ചിയിലാണോ സഞ്ചരിക്കുന്നത്? നിങ്ങളുടെ എല്ലാ കഠിനാദ്ധ്വാനങ്ങളും ഉപവാസപ്രാർത്ഥനകളുമെല്ലാം ഫലം നൽകുന്നില്ല എന്നു നിങ്ങൾ കരുതുന്നുണ്ടോ? നമുക്ക് ദൈവത്തോടുള്ള വിശ്വാസവും ക്ഷമയും പരീക്ഷിക്കുന്നതിനായി നാം സജീവമായി ദൈവവേലയിൽ ആയിരിക്കുമ്പോൾ ചിലപ്പോൾ ദൈവം നിശബ്ദനാകും.

അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതു എന്നു യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും (1പത്രൊസ് 1:7).

---

*6-ാം പേജിന്റെ തുടർച്ച...*

**ളങ്കനായ നടന്നു നീതി പ്രവർത്തിക്കുന്നവൻ** എന്നു കാണുന്നു. **യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനാണെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു** (2 ദിനവൃത്താന്തം 16:9), **...ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ...** (ലൂക്കൊസ് 1:17). **നിഷ്കളങ്കമായി നടക്കുന്നവർക്കു അവൻ ഒരു പരിച തന്നേ** (സദൃശ്യവാക്യങ്ങൾ 2:7). **നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു** (ഉല്പത്തി 6:9). **ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക** (ഉല്പത്തി 17:1). **യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ** (ഇയ്യോബ് 1:8).

**അവന്റെ ഭാര്യ അവനോടു: നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക** (ഇയ്യോബ് 2:9). **നീ എന്റെ നിഷ്കളങ്കത്വംനിമിത്തം എന്നെ താങ്ങുന്നു, നിന്റെ മുമ്പിൽ എന്നേക്കും എന്നെ നിർത്തിക്കൊള്ളുന്നു** (സങ്കീർത്തനം 41:12). **വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയോസിന്നു...** (1 തിമൊഥെയോസ് 1:2).

ഒന്നാമതായി, തന്റെ തലമുറയിൽ നോഹയെ വേറുതിരിച്ചറിയാൻ സാധിക്കും. നമ്മുടെ ദുഷിച്ച തലമുറയിൽ നീതിയോടെ ഒറ്റക്ക് നിന്നതിന് ദൈവത്തിനു നന്ദി പറയാനും നമുക്ക് കഴിയണം. ദൈവം നമുക്ക് ഓരോരുത്തർക്കും വ്യത്യസ്ത കഴിവുകളും വ്യത്യസ്ത ശബ്ദവും കൃപയും അവസരങ്ങളും നൽകുന്നു. ഞാൻ എന്റെ മുറിയിൽ ഏകനായിരിക്കുമ്പോൾ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു, "നീ എന്നോടൊപ്പമുള്ളതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. നീ എന്നോടൊപ്പമില്ലായിരുന്നെങ്കിൽ എനിക്ക് ഇതൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല." ദൈവത്തിന്റെ ദിവ്യശക്തിയും അഭിഷേകവും കാരണമാണ് നമുക്ക് അത്തരം മഹത്തായ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത്. നമുക്ക് രോഗശമനം ലഭിക്കുന്നു. നോഹ ദുഷ്ടതലമുറയിൽ നേരുള്ളവനായിരുന്നവനായി ദൈവം കണ്ടു. നാം നേരുള്ളവരും ദൈവത്തോടൊപ്പം നടക്കുന്നവരുമായിരിക്കണം.

നാം അത്യാഗ്രഹികളല്ലെങ്കിൽ, എല്ലാ ഇടപാടുകളിലും സത്യസന്ധരായിരിക്കുകയും എല്ലായ്പോഴും ദൈവത്തെ ഭയപ്പെടുകയും ചെയ്യുമ്പോൾ നാം ദൈവത്തോടൊപ്പം നടക്കും. ഏകനായിരിക്കുമ്പോഴും നമുക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാൻ കഴിയും.

രണ്ടാമതായി, ദൈവം നോഹയെ വിളിച്ച് ഒരു പെട്ടകം പണിയുവാനായി ആവശ്യപ്പെടുന്നു. പലരുടെയു അഭിപ്രായം എന്തെന്നാൽ ദൈവം എന്നെ മാത്രം വിളിച്ച് പ്രത്യേകമായി പറയട്ടെ, അപ്പോൾ ഞാൻ അനുസരിക്കും. ദൈവം നമ്മോടു സംസാരിക്കണമെങ്കിൽ നമ്മുടെ ചെവികൾ നല്ല കേൾവിയുള്ളതും, ഹൃദയം ശുദ്ധവും തുറന്നതുമായിരിക്കണം. എല്ലാ വഞ്ചനകളിലും ഉൾപ്പെട്ട്, കളങ്കപ്പെട്ട മനസ്സാക്ഷിയുള്ള ലോകവുമായി നാം ഒന്നായിരിക്കുമ്പോൾ ദൈവം ഒരിക്കലും നമ്മെ അഭിഷേകം ചെയ്യുകയോ നമ്മോടു സംസാരിക്കുകയോ ചെയ്യുകയില്ല. നാം ദൈവത്തിന്റെ മക്കളായി ജീവിച്ചാൽ അവന്റെ ശബ്ദം കേൾക്കാം. നാം ദൈവത്തെ ഭയപ്പെടുകയും നീതിയോടെ ജീവിക്കുകയും ചെയ്താൽ അവൻ എല്ലാ രോഗങ്ങളും പ്രശ്നങ്ങളും ദുഃഖങ്ങളും നീക്കം ചെയ്യുകയും അവന്റെ ശബ്ദം കേൾക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും.

എന്റെ ജീവിതത്തിൽ മൂന്നു പ്രാവശ്യം ദൈവത്തിന്റെ ശബ്ദം വ്യക്തമായി കേട്ടിട്ടുണ്ട്. അവന്റെ ശബ്ദം മാധുര്യമേറിയതാണ്. ഒരിക്കൽ അവൻ എന്റെ പേര് വിളിക്കുന്നത് എനിക്കു കേൾക്കാമായിരുന്നു. മറ്റൊരു തവണ തന്റെ ശുശ്രൂഷക്കായി എന്നെ വിളിച്ചു. മൂന്നാം തവണ, ഞാൻ രോഗിയായി കിടന്നപ്പോൾ എനിക്ക് ഒരു വാഗ്ദാനം നൽകി. ഈ അനുഭവങ്ങൾ സംരക്ഷിക്കുന്നത് ബുദ്ധിമുട്ടാണ്.

പ്രീയ ദൈവമക്കളേ, നിങ്ങൾ ചെയ്ത എല്ലാ നല്ല കാര്യങ്ങളും ദാനധർമ്മങ്ങളുമെല്ലാം മറക്കാൻ അവൻ അനീതിയുള്ള ദൈവമല്ല (എബ്രായർ 6:10). അവൻ നീതിമാനായ ദൈവമാണ്. നിങ്ങൾ അവന്റെ മുമ്പാകെ നീതിയുള്ളവരായിരിക്കയും അവന്റെ മുമ്പാകെ പ്രാപ്തിയുള്ളവരായി മാറുകയും ചെയ്താൽ അവൻ തീർച്ചയായും നിങ്ങളോടൊപ്പം നടക്കും, അവന്റെ ശബ്ദം കേൾക്കുകയും ചെയ്യാം. ഇവയ്ക്കെല്ലാമുപരിയായി അവന്റെ ഇഷ്ടം നിറവേറ്റുവാനുള്ള കൃപ അവൻ നിങ്ങൾക്കു നൽകും.

ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവന്റെ പ്രവർത്തനത്തിൽ നമുക്കുള്ള പ്രതിബദ്ധതയെ ആശ്രയിച്ചിരിക്കുന്നു. തീർച്ചയായും നമുക്ക് അവന്റെ ശബ്ദം കേൾക്കാം.

മൂന്നാമതായി, നോഹയ്ക്ക് ദൈവത്തിൽ നിന്ന് ഒരു ജോലി ലഭിച്ചു. ദൈവത്തിന്റെ കല്പന ലഭിക്കാത്ത ദാസന്മാരായി നാം തുടരരുത്. നിങ്ങൾ സ്വയം സമ്പൂർണ്ണമായി കീഴടങ്ങുമ്പോൾ ദൈവം നിങ്ങളോടൊപ്പം നടക്കുന്നത് നിങ്ങൾ കാണാൻ തുടങ്ങും. നാം അവന്റെ കൃപയിലും സ്നേഹത്തിലും അല്ലാത്തതുകൊണ്ടാണ് അവന്റെ ജോലി കാര്യക്ഷമമായി ചെയ്യുന്നതിൽ പരാജയപ്പെട്ടുപോകുന്നത്. നാം സ്വയമായി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുമ്പോൾ പരാജയങ്ങൾ നേരിടേണ്ടിവരും. എന്നാൽ നാം ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുമ്പോൾ, അത് നമുക്കു വലിയ ശക്തി നൽകുന്നു.

അടുത്തതായി, ദൈവം നമ്മെ യോഗ്യരാക്കുന്നു. അതിനാൽ നാം കഴിവുകൾ വികസിപ്പിക്കുന്നു. നമ്മുടെ ജോലിയിൽ അവൻ പ്രതിഫലവും നൽകുന്നു. ചില ശുശ്രൂഷകന്മാരുടെ മാതാപിതാക്കളുടെ വാക്കുകൾ ഇപ്രകാരമാണ്. എന്റെ മകൻ ദൈവീക ശുശ്രൂഷ ഏറ്റെടുത്തിരിക്കുന്നു. അവൻ എങ്ങനെ ജീവിക്കുമെന്ന് എനിക്ക് അത്ഭുതമായിരിക്കുന്നു. കർത്താവിന്റെ രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് ഈ ലോകത്തിലെ ഏറ്റവും വലിയവർ. തന്റെ രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെ അനുഗ്രഹിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവം തന്നിൽ അർപ്പിച്ച എല്ലാ ജോലികളും നോഹ ഭംഗിയായി ചെയ്ത് പൂർത്തീകരിച്ചു.

പലപ്പോഴും ദൈവം നമുക്ക് നൽകുന്ന പദ്ധതികൾ സ്വീകരിക്കാൻ നമുക്ക് കഴിയാറില്ല. അത് നമ്മുടെ കഴിവിന് അപ്പുറമാണെങ്കിൽ നാം അത്ഭുതപ്പെടുന്നു. ദൈവം ആഗ്രഹിക്കുന്നതു നാം കൃത്യമായി ചെയ്യണമെന്ന് അവൻ താല്പര്യപ്പെടുന്നു.

ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു (ഉല്പത്തി 6:22) എന്നു നാം വായിക്കുന്നു. താൻ ആരംഭിച്ചതെല്ലാം ദൈവം പൂർത്തിയാക്കും. നിങ്ങളുടെ ജീവിതത്തിൽ ആവൻ ആരംഭിച്ചത് പൂർത്തിയാക്കും. ദൈവം നിങ്ങളെ വിളിച്ച ഉദ്ദേശ്യം അവൻ നിറവേറ്റും. ദൈവത്തെ ഭയപ്പെടണം, സത്യസന്ധരായിരിക്കണം. നുണ പറയരുത്. പലരും സത്യം പറയാൻ ആഗ്രഹിക്കുമെങ്കിലും ആദ്യം നുണ പറയുന്നു. ദൈവം കള്ളം പറയുന്നവരെ ഉപയോഗിക്കില്ല. അത്യാഗ്രഹത്തെ വെറുക്കുക.

**യഹോവ നല്ലവരോടുകൂടെ ഇരിക്കും** (2 ദിനവൃത്താന്തം 19:11)

*************


**We're HIRING**

**Qualified, Expeienced & Mission Minded Candidates for**

**Medavakkam**

**ST. PAUL'S MATRICULATION SCHOOL :**

- **PRINCIPAL**
- **TEACHERS** (Social Science, KG etc.,)

**for Head Office @ CHEPAUK :**

- **DTP OPERATORS**
- **COMPUTER OPERATORS (with Typing)**
- **DRIVERS**

E.mail : samselvaraj333@gmail.com

97908 05460 / 044- 2852 8282


## ദയവായി ശ്രദ്ധിക്കുവിൻ!

### പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ!

**പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് ഞങ്ങൾ. തന്റെ ശുശ്രൂഷയിലൂടെ ദൈവം നിങ്ങളുടെ ആത്മീയ വളർച്ചയെ എങ്ങനെ സ്വാധീനിച്ചു എന്നു വിശദമാക്കുന്ന പത്തു വരികൾ വരെയുള്ള നിങ്ങളുടെ സാക്ഷ്യങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ, ആത്മകഥയിൽ ഉൾപ്പെടുത്തുന്നതിന് നിങ്ങളുടെ ഒരു ഫോട്ടോ കൂടെ അയച്ചു തന്നാൽ നന്നായിരുന്നു.**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
Please subscribe

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks. - Editor

## OUR BANK DETAILS:

*1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

*3. Bank : State Bank of India*
(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 5th AUGUST, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**